**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2011-12 മുതൽ 2014-15 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ മാർഗ്ഗ രേഖയിലില്ലാത്ത കുടിവെള്ള സ്റ്റോറേജ് ടാങ്ക് നൽകൽ പദ്ധതിയ്ക്ക് തുക ചെലവഴിച്ചെന്ന പരാമർശം- പദ്ധതി നടത്തിപ്പിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1617/2024/LSGD തീയതി,തിരുവനന്തപുരം, 02-09-2024

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/01/2024 ലെ LSGD/PD/646/2024/AM3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2011-12 മുതൽ 2014-15 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 5.4 ലെ പദ്ധതി മാർഗ്ഗരേഖയിലില്ലാത്തതായ കുടിവെള്ള സ്റ്റോറേജ് ടാങ്ക് നൽകൽ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 2,42,550/-രൂപ ചെലവഴിച്ചെന്ന ഓഡിറ്റ് പരാമർശത്തെ തുടർന്ന് 11/08/2017 ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ സാധൂകരണത്തിനുള്ള അപേക്ഷ പരാമർശ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും ചെലവ് പത്രികയും ലഭ്യമാക്കുകയുണ്ടായി .

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ടാങ്കർ മുഖേന വിതരണം ചെയ്യുന്ന കുടിവെള്ളം ശേഖരിച്ച് വയ്ക്കാൻ പട്ടികജാതി വിഭാഗങ്ങൾക്ക് സംവിധാനമില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നടപ്പാക്കലിന് ശേഷമാണ് മാർഗ്ഗരേഖയിലില്ലാത്ത പദ്ധതിയ്ക്കായിരുന്നു സബ്‌സിഡി/സഹായം നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് ബോധ്യമായതെന്നും അതിനാൽ മുൻകൂർ അനുമതി വാങ്ങാതിരുന്നത് മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി പദ്ധതി നടപ്പാക്കലിന് സാധൂകരണം നൽകണമെന്നാണ് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ. സാധൂകരണത്തിന് എറണാകുളം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശിപാർശ ചെയ്തിട്ടുമുണ്ട് .

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുടിവെള്ള സ്റ്റോറേജ് ടാങ്ക് നൽകൽ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്താതാണെങ്കിലും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ടാങ്കറിൽ വിതരണം ചെയ്യുന്ന കുടിവെള്ളം സംഭരിച്ച് വയ്ക്കാൻ മറ്റ് സംവിധാനമില്ലാതിരുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് പദ്ധതി നടപ്പിലാക്കിയത് ഉപകാരപ്രദമായിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിക്കരുത് എന്ന നിർദ്ദേശത്തോടുകൂടി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 2014-15- ൽ പട്ടികജാതി

കുടുംബങ്ങൾക്കായി കുടിവെള്ള സ്റ്റോറേജ് ടാങ്ക് നൽകൽ പദ്ധതി 2,42,550/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-1 ), ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്, പുതുവാശ്ശേരി, നെടുമ്പാശ്ശേരി പി. ഒ - എറണാകുളം 683 585
എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 02-09-2024 16:02:09
സെക്ഷൻ ഓഫീസർ